**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - ഒ.ബി.സി. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(സാധാ) നം.55/2020/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 27.08.2020.

================================================================================

പരാമർശം :-
1. കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയത്തിന്റെ 12.06.2020 -ലെ 11014/02/2020-ബി.സി-I നമ്പർ കത്ത്.
2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 28.06.2020 -ലെ ബി.സി.ഡി.ഐ.ആർ//165/2020-എ 3 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

ഒ.ബി.സി. വിദ്യാർത്ഥികൾക്കുള്ള 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന് 10 കോടി രൂപ 2020-21 വർഷത്തേയ്ക്ക് റിലീസ് ചെയ്തുകൊണ്ട് പരാമർശം 1 പ്രകാരം കേന്ദ്ര സർക്കാർ ഉത്തരവായിട്ടുണ്ട്. ടി തുക 2225-02-277-96-12 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 2-ലെ കത്ത് പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഒ.ബി.സി. വിദ്യാർത്ഥികൾക്കുള്ള 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ ഒ.ബി.സി. പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പിന് 2020-21 വർഷത്തേയ്ക്ക് 10,00,00,000/- രൂപ (പത്ത് കോടി രൂപ മാത്രം) 2225-03-277-96-12 (പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

11/09/20

9/9/20

85/A3

14/9/20

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [24.08.2020 -ലെ WW1/103/2020/FIN. പ്രകാരം]
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.